"ഭരണഭാഷ-മാതൃഭാഷ"

നമ്പർ:ഇ9-28590/12.

സാമൂഹ്യനീതി ഡയറക്ടറേറ്റ്,
വികാസ് ഭവൻ, തിരുവനന്തപുരം,
തീയതി : 07-12-2012.

# പരിപത്രം

വിഷയം :- സാമൂഹ്യനീതി വകുപ്പ് - ജീവനക്കാര്യം - ഡി.പി.സി. (ലോവർ) കോൺഫിഡൻഷ്യൽ റിപ്പോർട്ട് ആവശ്യപ്പെട്ടവരുടെ പ്രൊബേഷൻ പ്രഖ്യാപിക്കുന്നതിനുള്ള അപേക്ഷ സമർപ്പിക്കുവാൻ ആവശ്യപ്പെടുന്നു - സംബന്ധിച്ച്.

സൂചന :- 19-09-2012, 08-11-2012, 16-11-2012 എന്നീ തീയതികളിലെ ഇ9/28590/12 നമ്പർ പരിപത്രങ്ങൾ.

2012 ലെ ഡി.പി.സി. (ലോവർ) യിൽ ഹാജരാക്കുന്നതിനായി കോൺഫിഡൻഷ്യൽ റിപ്പോർട്ട് സമർപ്പിക്കുവാൻ സൂചനയിലെ പരിപത്രങ്ങളിൽ പേര് ഉൾപ്പെട്ട ജൂനിയർ സൂപ്രണ്ട്മാർ/ഉപശിശുവികസന പദ്ധതിമാർ/സൂപ്പർവൈസർമാർ എന്നിവർ അവരുടെ നിലവിലെ/സമാനതസ്തികയിലെ പ്രൊബേഷൻ പ്രഖ്യാപിച്ചുകിട്ടുന്നതിനായി സേവന പുസ്തകം ഉൾപ്പെടെ നിശ്ചിത പ്രൊഫോർമയിൽ അപേക്ഷ അടിയന്തിരമായി ഈ കാര്യാലയത്തിൽ സമർപ്പിക്കേണ്ടതാണ്. നിലവിലെ തസ്തികയിൽ പ്രൊബേഷൻ പ്രഖ്യാപിക്കപ്പെട്ടവർ ആയതിന്റെ പകർപ്പ് അഥവാ പ്രൊബേഷൻ പ്രഖ്യാപിക്കപ്പെട്ടതായുള്ള സർവ്വീസ് പുസ്തകത്തിലെ രേഖപ്പെടുത്തലുകൾ സാക്ഷ്യപ്പെടുത്തുന്ന കാര്യാലയ മേധാവിയുടെ കത്ത് ഈ കാര്യാലയത്തിൽ അയച്ചുതരുവാനും നിർദ്ദേശിക്കുന്നു.

ഇതുമായി ബന്ധപ്പെട്ട കത്തിടപാടുകളിൽ അവരുടെ ഫോൺ/സെൽഫോൺ നമ്പരുകൾ രേഖപ്പെടുത്തണമെന്നും നിർദ്ദേശിക്കുന്നു.

വിശ്വസ്തതയോടെ,

(ഒപ്പ്)

സാമൂഹ്യനീതി ഡയറക്ടർക്കു വേണ്ടി

പകർപ്പ് :-

1. ബന്ധപ്പെട്ടവർ
2. കാര്യാലയ മേധാവികൾ
3. ജില്ലാ സാമൂഹ്യക്ഷേമ ആഫീസർമാർ.